# കേരള സർവകലാശാല

നം.പി.ആർ.195/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

### പരീക്ഷ മാറ്റി

2018 സെപ്റ്റംബർ 4 മുതൽ 15 വരെ നടത്താനിരുന്ന എല്ലാ പരീക്ഷയും മാറ്റിവച്ചിരിക്കുന്നു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

### അഭിമുഖ പരീക്ഷ

യൂണിവേഴ്സിറ്റിയിലേയും യൂണിവേഴ്സിറ്റി കോളേജിലേയും പഠന വകുപ്പുകളിലേക്കും ലക്ഷ്മീബായ് നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലേക്കും എം.ഫിൽ പ്രവേശന പരീക്ഷ എഴുതിയിട്ടുള്ള വിദ്യാർത്ഥികൾ സെപ്റ്റംബർ 12 മുതൽ ആരംഭിക്കുന്ന അഭിമുഖ പരീക്ഷക്ക് ഹാജരാകേണ്ടതാണ്. പരീക്ഷാ കേന്ദ്രം, തീയതി, സമയം എന്നിവ വെബ്സൈറ്റിൽ.

### തീയതി നീട്ടി

ബി.ടെക് അഞ്ചാം സെമസ്റ്റർ (2013 സ്കീം, പാർട്ട് ടൈം ഉൾപ്പെടെ)ജനുവരി 2018, ആറാം സെമസ്റ്റർ (സപ്ലിമെന്ററി)മേയ് 2018, എട്ടാം സെമസ്റ്റർ (റെഗുലർ)ജൂൺ 2018, മൂന്നാം സെമസ്റ്റർ ബി.ടെക് (സപ്ലിമെന്ററി)മാർച്ച് 2018, അവസാന വർഷ ബി.എഫ്.എ മാർച്ച് 2018, മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ് ബി.കോം, ബി.എസ്.സി എന്നീ പരീക്ഷകളുടെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കുമുള്ള അവസാന തീയതി സെപ്റ്റംബർ 7 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

### ത്രിദിന ദേശീയ വർക്ഷോപ്പ്

കേന്ദ്ര സർക്കാരിന്റെ കർഷകക്ഷേമ - കാർഷിക മന്ത്രാലയത്തിന്റെ കീഴിൽ സർവകലാശാലയിലെ സാമ്പത്തിക ശാസ്ത്ര പഠനവകുപ്പിൽ പ്രവർത്തിക്കുന്ന കോസ്റ്റ് ഓഫ് കൾട്ടിവേഷൻ സ്കീം, 'Comprehensive scheme for studying the Cost of Cultivation of Principal Crops in India'എന്ന വിഷയത്തെ ആസ്പദമാക്കി ത്രിദിന വർക്ക്ഷോപ്പ് സെപ്റ്റംബർ 13, 14, 15 തീയതികളിൽ തിരുവനന്തപുരം ഐ.എം.ജി പത്മം ഹാളിൽ സംഘടിപ്പിക്കുന്നു. കൃഷി വകുപ്പ് മന്ത്രി ബഹു.അഡ്വ.വി.എസ് സുനിൽ കുമാർ ഉത്ഘാടനം ചെയ്യുന്ന വർക്ക്ഷോപ്പിൽ ശ്രീ.നന്ദലാൽ (അഡ്വൈസർ, ഡി.ഇ.എസ്, ഗവ.ഓഫ് ഇന്ത്യ), ശ്രീ.ഡി.കെ പാണ്ഡെ (അഡ്വൈസർ, സി.എ.സി.പി, ഗവ.ഓഫ് ഇന്ത്യ), ശ്രീ.പ്രസാദ് കെ.എൽ (സീനിയർ ഇ.എസ്.എ, ഡി.ഇ.എസ്, ഗവ.ഓഫ് ഇന്ത്യ) എന്നിവർ പ്രഭാഷണം നടത്തും. വിശദവിവരങ്ങൾക്ക് സർവകലാശാല വെബ്സൈറ്റ് സന്ദർശിക്കുക അല്ലെങ്കിൽ ccsdirector70@gmail.com /0471-2308773 ബന്ധപ്പെടുക

തിരുവനന്തപുരം.
03.09.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**